ഫോറസ്റ്റ് ഹെഡ് ക്വാർട്ടേഴ്സ്,
തിരുവനന്തപുരം 14,
തീയതി : 28.1.2000

**<u>സർക്കുലർ നം. 3/2000 തീയതി 28.1.2000</u>**

വിഷയം : കോടതി കേസ്സുകൾ – കാര്യവിവരണം സമർപ്പിക്കുന്നതു സംബന്ധിച്ചു
സൂചന : 5.5.1993 ലെ സർക്കുലർ നം 5/93.

സർക്കാരും വനം വകുപ്പും എതിർ കക്ഷികളായ കേസുകളിൽ കീഴ് ഓഫീസുകളിൽ നിന്നും കാര്യവിവരണം തയ്യാറാക്കി നേരിട്ട് അഡ്വക്കേറ്റ് ജനറലിനും സർക്കാരിലേക്കും അയക്കുന്നതായും ശ്രദ്ധയിൽപെട്ടിരിക്കുന്നു. പലപ്പോഴും കേസുകളുടെ കാര്യവിവരണം യഥായമയം തയ്യാറാക്കി സമർപ്പിക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നതുമൂലം സർക്കാരിൽനിന്നോ അഡ്വോക്കേറ്റ് ജനറലിന്റെ ഓഫീസിൽ നിന്നോ ആവശ്യപ്പെടുന്നതു മൂലമായിരിക്കും അവ കീഴ് ഓഫീസുകളിൽ നിന്നും നേരിട്ട് സമർപ്പിക്കേണ്ടിവരുന്നത്. ഇക്കാര്യത്തിൽ സൂചനയിലെ സർക്കുലറിൽ അടങ്ങിയ നിർദ്ധേശങ്ങളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. പ്രസ്തുത നിർദ്ദേശങ്ങൾ കർശനമായും പാലിക്കേണ്ടതാണ്. കേസുകളുടെ കാര്യ വിവരണം ഈ ഓഫീസിലെ നിയമവിഭാഗവും സർക്കാരിലെ ബന്ധപ്പെട്ട വകുപ്പും പരിശോധിച്ചശേഷമാണ് അഡ്വക്കേറ്റ് ജനറലിന് അയച്ചുകൊടുക്കേണ്ടത്. എന്നാൽ അവ കീഴ് ഓഫീസുകളിൽനിന്നും നേരിട്ട് അഡ്വക്കേറ്റ് ജനറലിന് അയച്ചുകൊടുക്കുന്നതുമൂലം ഈ പരിശോധനകൾ ഒഴിവാക്കപ്പെടുകയും അതു വഴി ഒഴിവാക്കാമായിരുന്ന അപാകതകൾ പരിഹരിക്കപ്പെടാതെ പോവുകയും തൻമൂലം കേസിന്റെ വിധി സർക്കാരിന് പ്രതികൂലമായി തീരാവുന്നതുമാണ്.

ആയതിനാൽ ഇനി മുതൽ അടിയന്തിരമായി കാര്യവിവരണം സമർപ്പിക്കേണ്ടി വരുന്ന സാഹചര്യത്തിൽ പോലും അവ നേരിട്ട് ഈ ഓഫീസിൽ ലഭ്യമാക്കി സർക്കാരിലേക്ക് സമർപ്പിക്കുവാനും, സാവകാശം ആവശ്യമായ കേസുകളിൽ കോടതിയിൽ നിന്നും നേടിയെടുക്കാനും ശ്രമിക്കേണ്ടതാണെന്നും അറിയിക്കുന്നു. വനം കേസുകൾ കൂടുതൽ ഉത്തരവാദിത്വ ബോധത്തോടുകൂടി കൈകാര്യം ചെയ്യേണ്ടതാണെന്ന് ബന്ധപ്പെട്ട എല്ലാവര്യയും ഓർമ്മിപ്പിക്കുന്നു

പ്രിൻ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ജി)

**<u>മേലെഴുത്ത് നം.സി425247/99 തീയതി 28.1.2000</u>**

പകർപ്പ് : എല്ലാ ഫോറസ്റ്റ് കൺസർവേന്റർമാർക്കും ഫീൽഡ് ഡയറക്ടർമാർക്കും .
പകർപ്പ് : എല്ലാ ഡിവിഷണൽ ഫോറസ്റ്റാഫീസർമാർക്കും ,വൈൽഡ് ലൈഫ് വാർഡൻ തുടങ്ങിയവർക്കും.
പകർപ്പ് : ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വിജിലൻസ് / ഫോറസ്ട്രി വൈൽഡ് ലൈഫ് /വികസനം
പകർപ്പ് : സ്റ്റോക്ക് ഫയൽ.

പ്രിൻ. ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ജനറൽ )